ഭരണഭാഷ - മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് : നമ്പർ ബി2/165/2021/സിഇ തീയതി : 12/10/2021**

വിഷയം :- ഹാർബർ എൻജിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ 12.10.2021 തീയതിയിലെ റിപ്പോർട്ട്

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനും ഐ.ടി. മാനേജരുമായ ശ്രീ.വി.കെ. സുജിത് കുമാർ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി ഒരു പരാതി ലഭിക്കുകയും പരാതിയിലെ പരാമർശങ്ങൾ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി പരിശോധിക്കേണ്ട വിഷയമായതിനാൽ പ്രസ്തുത കമ്മിറ്റി ചേർന്ന് ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ കുറ്റാരോപിതനായ ഐ.ടി.മാനേജർ ശ്രീ.വി.കെ.സുജിത് കുമാർ ഐ.ടി. മാനേജർ പദവി ദുരുപയോഗം ചെയ്തതായും ടിയാനെ അടിയന്തിരമായി തൽസ്ഥാനത്തു നിന്നും നീക്കം ചെയ്ത് തിരുവനന്തപുരം ജില്ലയ്ക്കു പുറത്തുള്ള കാര്യാലയത്തിൽ നിയമിക്കുന്നതിന് ശിപാർശ ചെയ്തിരിക്കുന്നു. തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് ഹാർബർ എൻജിനീയർ തലായ് സബ് ഡിവിഷനിൽ ഒരു ഒഴിവ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് ചുവടെ പറയുന്ന സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.വി.കെ.സുജിത്ത് കുമാറിനെ ഹാർബർ എൻജിനീയറിംഗ് തലായ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

ഒപ്പ്,
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.വി.കെ.സുജിത് കുമാർ,
ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II

പകർപ്പ് :- സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഉത്തര മേഖല, കോഴിക്കോട്.
" എക്സിക്യൂട്ടീവ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ, കണ്ണൂർ
" അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, തലായ്
" എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ)
" ചീഫ് എൻജിനീയറുടെ പേഴ്സണൽ അസിസ്റ്റന്റ്
" സെൽ സെന്റിലേയ്ക്ക്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

11/പി.ജെ